2009, ഖുത്ബ നമ്പര്‍- 30

24.07.2009
ഹദീഖത്തുല്‍ മഹ്ദി
ലണ്ടന്‍

# അതിഥികളും അവരുടെ കടമകള്‍ മറക്കരുത്.

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ യു.കെ ജമാഅത്തിന്റെ വാര്‍ഷിക സമ്മേളനം തുടങ്ങുകയാണ്. കഴിഞ്ഞ 25 വര്‍ഷമായി യു.കെ ജമാഅത്ത് ആഗോള ജല്‍സയുടെ രീതിയിലുള്ള ജല്‍സയാണ് സംഘടിപ്പിച്ച് വരുന്നത്. കാലത്തിന്റെ ഖലീഫ ഇവിടെ ഉള്ളത്കൊണ്ട് വിവിധ നാടുകളില്‍ നിന്ന് കഴിയുന്ന സഹോദരങ്ങള്‍ ഇവിടെ വരാറുണ്ട്.അതോടൊപ്പം തന്നെ അനഹ്മദികളായ സുഹൃത്തുകളും ഇവിടെ വരുന്നുണ്ട്.അവര്‍ ഈ ജമാഅത്തിനെ മറ്റു മുസ്ലീം സംഘടനകളില്‍ നിന്നെല്ലാം വ്യത്യസ്തമായി കരുതുകയും അതു കാരണം ഇവിടെ വന്നുകൊണ്ട് നമുക്ക് ആശംസകള്‍ അര്‍പ്പിക്കുകയും ചെയ്യുന്നു.ചിലരുടെ സന്ദേശങ്ങള്‍ ഇവിടെ വായിച്ചു കേള്‍പ്പിക്കാറുണ്ട്.ആഫ്രിക്ക കൂടാതെ മറ്റു നാടുകളില്‍ നിന്നും ഇങ്ങിനെയുള്ള പ്രതിനിധികള്‍ വരുന്നുണ്ട്. അവരില്‍ ഈ ജല്‍സ പ്രത്യേക സ്വാധീനം ചെലുത്തുന്നു. അവരുടെ പ്രതികരണങ്ങള്‍ ജല്‍സക്ക് ശേഷമുള്ള ഖുതുബയില്‍ ഓരോവര്‍ഷവും വിവരിക്കുന്നതുപോലെ ഈ പ്രാവിശ്യവും ഞാന്‍ വിവരിക്കുന്നതാണ്.ഇപ്പോള്‍ അതിഥികളും ആതിഥേയരുമായ അഹ്മദീസഹോദരന്‍മാരോട് ചില കാര്യങ്ങള്‍ ഉണര്‍ത്താന്‍ ആഗ്രഹിക്കുകയാണ്.കൂടുതലും അതിഥികളാണ് ഈകാര്യം ശ്രദ്ധിക്കേണ്ടത്.

കഴിഞ്ഞ ഖുതുബയില്‍ ആതിഥേയര്‍ക്കും ഡ്യൂട്ടിച്ചെയ്യുന്നവര്‍ക്കുമുള്ള നിര്‍ദ്ദേശങ്ങള്‍ നല്‍കിയിരിന്നു.ഈ ജല്‍സ ആഗോള ജല്‍സയായി മാറിക്കഴിഞ്ഞു എന്ന് ഞാന്‍ പറയുകയുണ്ടായി.ഇതില്‍ അന്യരും പങ്കെടുത്തുവരുന്നു.എന്നാല്‍ നമ്മുടെ അയല്‍വാസികളില്‍ ചിലര്‍ ഇതുവരെ നമ്മേ ശരിക്കും മനസ്സിലാക്കിയിട്ടില്ല.തീവ്രവാദികളാണെന്ന് പൊതുവില്‍ ധരിച്ചുവെച്ചിരിക്കുന്ന മറ്റു മുസ്ലീം സംഘടനകളെപ്പോലെയാണ് നമ്മെളെന്നും അവര്‍ ധരിച്ചുവെച്ചിരിക്കുകയാണ്.എനിക്ക് അവസരം കിട്ടുമ്പോഴെല്ലാം അന്യരുടെ സദസ്സില്‍ ഈ തെറ്റുധാരണ നീക്കാന്‍ ശ്രമിക്കാറുണ്ട്.ഇസ്ലാമിന്റെ അദ്ധ്യാപനത്തിന് ഭീകരവാദവുമായി ഒരു ബന്ധവുമില്ലെന്നും സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും അദ്ധ്യാപനമാണ് ഇസ്ലാം നല്‍കുന്നതെന്നും ഈ അദ്ധ്യാപനങ്ങളെ സ്ഫുടമായരീതിയില്‍ ഹദ്റത്ത് മസീഹ് മൗഊദ് (അ) ലോകത്തിനു മുമ്പാകെ സമര്‍പ്പിക്കുകയുണ്ടായെന്നും ഞാന്‍ പറയാറുണ്ട്. അദ്ദേഹത്തിന്റെ ചില ഉദ്ധരണികള്‍ ആദ്യം കേള്‍പ്പിക്കുകയാണ്.

ആ മഹാത്മാവ് അതുളുന്നു

ലോകത്ത് വന്നിട്ടുള്ള എല്ലാ പ്രവാചകന്‍മാരേയും അവര്‍ ഇന്ത്യയില്‍ അവതരിച്ചവരാണെങ്കിലും പേര്‍ഷ്യയില്‍ അവതരിച്ചവരാണെങ്കിലും ചൈനയില്‍ വന്നവരാണെങ്കിലും അതുമല്ലെങ്കില്‍ മറ്റേതു നാട്ടില്‍ വന്നവരാണെങ്കിലും അവരെയെല്ലാം സത്യവാന്മാരായി കരുതുക എന്ന തത്വം വളരെ പ്രിയമുള്ളതും സമാധാനം സ്ഥാപിക്കുന്നതും പരസ്പരസന്ധിക്ക് അടിത്തറപാകുന്നതും ധാര്‍മിക ഗുണങ്ങള്‍ക്ക് കരുത്തുപകരുന്നതുമാണ്.കോടിക്കണക്കിന് ജനഹൃദയങ്ങളില്‍ ആ പ്രവാചകന്മാരോടുള്ള ആദരവ് ദൈവം ഇട്ടിരിക്കുന്നു. അവരുടെ മതത്തെ ഈ ലേകത്ത് നിലനിര്‍ത്തുകയും നൂറ്റാണ്ടുകളായി ആ മതങ്ങള്‍ നിലനിന്നുവരികയും ചെയ്യുന്നു. വിശുദ്ധഖുര്‍ആന്‍ നമുക്ക് നല്‍കുന്ന പാഠമാണിത്. അതുകൊണ്ട് നാം പറഞ്ഞ ഈ തത്വത്തിന്റെ കീഴില്‍ വരുന്ന എല്ലാ മതഗുരുക്കന്‍മാരേയും നാം ആദരവോടെയാണ് കാണുന്നത്. അവര്‍ ഹിന്ദു മതഗുരുവരേണ്യരായാലും പാര്‍സി മതഗുരുക്കന്മാരായും ജൈന മതഗരുക്കന്മാരായും യഹൂദികളുടെയോ ക്യസ്ത്യാനികളുടേയോ മതഗുരുക്കന്മാരായും ശരി അവരെയെല്ലാം ആദരവോടെയാണ് നാം കാണുന്നത്.

വീണ്ടും അരുളുന്നു

'ഒരു സമൂഹത്തിന്റെയും മതഗുരുക്കന്മാരെ അപമദിക്കാത്ത മതമായിരുന്നു ഇസ്ലാം. സമൂഹങ്ങള്‍ക്കിടയില്‍ സന്ധിയുടെ അടിത്തറപാകിയ ഗ്രന്ഥമാണ് വിശുദ്ധഖുര്‍ആന്‍. അത് എല്ലാ സമൂഹത്തിലേയും പ്രവാചകന്മാരെ അംഗീകരിക്കുകയും ചെയ്യുന്നു.ലോകത്ത് വിശുദ്ധ ഖുര്‍ആന്ന് മാത്രം അഭിമാനിക്കാവുന്ന ഒന്നാണ് പ്രവാചകന്മാരെ സംബന്ധിച്ച് അത് നല്‍കുന്ന പാഠം. പ്രവാചകന്മാരെക്കുറിച്ച് ആ പവിത്ര ഗ്രന്ഥം പറയുന്നു

لَا نُفَرِّقُ بَيْنَ اَحَدٍ مِّنْهُمْ ۫ وَنَحْنُ لَهٗ مُسْلِمُوْنَ ۝۸۵

*(3:85)* മുസ്ലീങ്ങളെ! നിങ്ങള്‍ ഇപ്രകാരം പറയുക; ഞങ്ങള്‍ ലോകത്ത് വന്നിട്ടുള്ള എല്ലാ പ്രവാചകന്മാരിലും വിശ്വാസിക്കുന്നു. വിശ്വാസകാര്യത്തില്‍ ഒരു വ്യത്യാസവും ഞങ്ങള്‍ കല്‍പ്പിക്കുന്നില്ല.'

മറ്റുള്ളവരുടെ നേതാക്കന്മാരേയും വരിഷ്ഠ വ്യക്തികളെയും പ്രവാചകന്മാരെയും ആദരിക്കുമ്പോഴാണ് സമൂഹത്തില്‍ സ്നേഹത്തിന്റെ അന്തരീക്ഷം സ്ഥാപിതമാകുന്നത്. അല്ലാഹുവില്‍നിന്ന് വരുന്നവരേയും ഞങ്ങള്‍ അല്ലാഹുവില്‍നിന്നാണെന്ന് വാദിക്കുകയും അതോടേപ്പം അവര്‍ അല്ലാഹുവിന്റെ വരിഷ്ഠരാണെന്ന് അംഗീകരിക്കുന്ന ഒരു ജമാഅത്ത് അവരെ പിന്‍പറ്റുകയും ചെയ്യുന്നുണ്ടെങ്കില്‍ അങ്ങിനെയുള്ള വ്യക്തികളെ നാം ആദരിക്കേണ്ടതാണ്. ഇങ്ങിനെയുള്ള അദ്ധ്യാപനം നിലനില്‍ക്കേ ഇസ്ലാമിനെ ഭീകരമതമായും തീവ്രമതമായും ചിത്രീകരിക്കുക എന്നതും ഈ അധ്യപനങ്ങളെ അംഗീകരിക്കുന്നവരെ ഭീകരവാദികളായി മുദ്രകുത്തുക എന്നതും തികച്ചും നീതീകരിക്കാന്‍ കഴിയാത്ത പ്രവര്‍ത്തനങ്ങളാണ്.

അതുകൊണ്ട് ഞങ്ങളെകുറിച്ച് തെറ്റുധാരണ വെച്ചുപുലര്‍ത്തുന്ന അയല്‍വാസികളോട് എനിക്ക് പറയാനുള്ളത് ഞങ്ങളെ കുറിച്ചുള്ള എല്ലാതെറ്റിദ്ധാരണകളും നിങ്ങളുടെ മനസ്സില്‍നിന്നും നീക്കണമെന്നാണ്. ഞങ്ങളെ കുറിച്ച് നിങ്ങളുടെ ഹൃദയം ശുദ്ധീമാക്കിവെക്കുക. ശത്രുക്കളോടുപോലും വെറുപ്പ് ഹൃദയത്തില്‍ കൊണ്ടുനടക്കരുതെന്ന് കല്‍പ്പിക്കപ്പെട്ടവരാണ് ഞങ്ങള്‍. അവര്‍ക്ക് വേണ്ടി പ്രാര്‍ത്ഥിക്കാനാണ് ഞങ്ങളോട് പറയപ്പെട്ടിരിക്കുന്നത്. ഇസ്ലാമില്‍ അയല്‍വാസികളോട് വലിയ കടപ്പാടുണ്ടെന്നാണ് പഠിപ്പിച്ചിരിക്കുന്നത്. ഒരിക്കല്‍ തിരുനബി(സ) അരുളി, അയല്‍പക്കക്കാരോടുള്ള നമ്മുടെ കടമകളെ കുറിച്ച് അല്ലാഹു ഇത്രമാത്രം താക്കീത് ചെയ്തിരിക്കുന്നു, എത്രമാത്രമെന്നാല്‍ നമ്മുടെ സ്വത്തിന്റെ അവകാശികളായി അവരെ പ്രഖ്യാപിക്കുമോ എന്നുപോലും ഞാന്‍ കരുതുകയുണ്ടായി. അതിനാല്‍ ഞങ്ങളെകുറിച്ച് ആര്‍ക്കെങ്കിലും ആശങ്കകളുണ്ടെങ്കില്‍ നിങ്ങള്‍ അതെല്ലാം കൈവെടിഞ്ഞാലും. ഹദീഖത്തുല്‍ മഹ്ദി എന്ന് പേരുവെക്കപ്പെട്ട ഈ സ്ഥലത്ത് ഞങ്ങള്‍ ഹിദായത്തിന്റെ തോട്ടം വെച്ചുപിടിപ്പിക്കാനാണ് വന്നിരിക്കുന്നത്. സ്നേഹ

ത്തിന്റെയും സൗഹൃദത്തിന്റെയും സമസ്യഷ്ടിസേവനത്തിന്റെയും വിത്ത് വിതക്കാനാണ് ഞങ്ങളിവിടെ വന്നിരിക്കുന്നത്.

ജമാഅത്തിന് പുറത്തുള്ള പലരുംതന്നെ നമ്മോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നവരാണ്. നമുക്ക് വേണ്ടി എന്തുസഹായവും ചെയ്യാൻ അവർ എപ്പോഴും തയ്യാറാണ്. അവരെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ജൽസയുമായി ബന്ധപ്പെട്ട് കുറച്ച് പ്രശ്നങ്ങൾ നേരി ടേണ്ടിവന്നു. ഇവരിൽ പലരും നമ്മെ സഹായിക്കുകയും ഈ വർഷവും ജൽസ നടത്താനുള്ള അനുവാദം തരുന്നതിന് അവർ നമുക്കനുകൂലമായി അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. എല്ലാ അഹ്മദികളും ഇവർക്ക് നന്ദിയുള്ളവരായിത്തീരേണ്ടതാണ്.

നമ്മോട് സഹാനുഭൂതി പ്രകടിപ്പിക്കുന്നവരോട് എനിക്ക് പറയാനുള്ളത് മറ്റെല്ലാ മതഗുരുക്കന്മാരേയും ആദരിക്കുന്ന അധ്യാപനമാണ് ഇസ്ലാം നൽകുന്നത് എന്നാണ്. എന്നാൽ ഇന്ന് പാശ്ചാത്യനാടുകളിൽ ഞങ്ങളുടെ യജമാനനും നേതാവുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ) യെകുറിച്ചും അദ്ദേഹത്തിന്റെ പ്രിയ പത്നിമാരെകുറിച്ചും വിശുദ്ധ ഖുർആനെകുറിച്ചും വളരെ നീചവും തരംതാണതുമായ അശ്ലീല പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിനെ അഹ്മദികളല്ലാത്ത മുസ്ലിംകൾ, ഖിലാഫത്തിന്റെ അനുഗ്രഹത്തിൽനിന്ന് പിൻതള്ളപ്പെട്ട മുസ്ലിംകൾ പ്രതികരിക്കുന്നുണ്ട്. അവർക്ക് ശരിയായ മാർഗ്ഗദർശനമില്ലാത്തതു കാരണം അവരുടെ പ്രതികരണം അക്രമാസക്തമാകുകയും അത് ഭീകരതയിലേക്ക് വഴി തെറ്റുകയും ചെയ്യുന്നു. എന്നാൽ അഹ്മദിയ്യാ പ്രസ്ഥാനവും ഇതിനെ ശക്തമായ രീതിയിൽ പ്രതികരിക്കുന്നുണ്ട്. ഞങ്ങളുടെ പ്രതികരണം ഇസ്ലാമിന്റെ സുന്ദരമായ അദ്ധ്യപനങ്ങളേയും തിരുദൂതരുടെ തിരുചര്യകളേയും ലോകത്ത് പ്രദർശിപ്പിക്കുന്ന രീതിയിലായിരിക്കു ഉണ്ടാവുക. ഇവിടെയുള്ള എഴുത്തുകാരെന്നറിയപ്പെടുന്നവർ മുസ്ലിം വികാരത്തെ വ്രണപ്പെടുത്തുന്നരീതിയിലാണ് അശ്ലീല ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നത്. എന്നാൽ നാട്ടിൽ സമാധാനം നിലനിർത്തുന്നതിനും സൗഹൃദം സ്ഥാപിക്കുന്നതിനുംവേണ്ടി മറ്റുള്ളവരുടെ വികാരത്തെ മാനിക്കേണ്ടത് അത്യാവശ്യമാണ്. ഉത്ബുദ്ധജനത്തിന്റെ മുമ്പാകെ ഈ കാര്യം ഞാൻ പറയുമ്പോഴെല്ലാം അവരിത് അംഗീകരിച്ചിട്ടുണ്ട്.

അതിനാൽ ഞങ്ങളെകുറിച്ച് തെറ്റുധാരണ വെച്ചുപുലർത്തന്ന അയൽവാസികൾ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കണമെന്ന് അപേക്ഷിക്കുകയാണ്. സ്നേഹത്തോടും സൗഹൃദത്തോടുകൂടി നിങ്ങളുടെ ഹൃദയം വിജയിച്ചടക്കാനാണ് ഞങ്ങളിവിടെ വന്നത്. എനിക്ക് അഹ്മദികളോട് പറയുവാനുള്ളത്, മറ്റുള്ളവെരകുറിച്ച് ഞാൻ ഇത്രമാത്രം പറഞ്ഞത് നമ്മുടെ ഉത്തരവാദിത്വങ്ങൾ എന്താണെന്ന് നാമും മനസ്സിലാക്കുന്നതിന് വേണ്ടിയാണ്. അതിഥികളാണ് നിങ്ങളെങ്കിലും അതോടൊപ്പം ഡ്യൂട്ടിചെയ്യുന്നവർകൂടിയായി നിങ്ങൾ മാറണം. ഈ ജൽസയിൽ പങ്കെടുത്തുകൊണ്ടിരിക്കുന്ന ഓരോ അഹ്മദിയും പുരുഷനോ സ്ത്രീയോ യുവാവോ മുതിർന്നവരോ ആരായിരുന്നാലും നമ്മുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കുക. ഓരോവർഷവും ഏതെങ്കിലും അയൽവാസിക്ക് നമ്മേകുറിച്ച് ഏതെങ്കിലും വിധത്തിൽ പരാതിപ്പെടാനുള്ള അവരസരം ലഭിക്കുന്നു. ഇത്രവലിയ ജനക്കൂട്ടമുണ്ടാവുമ്പോൾ എല്ലാ കാര്യങ്ങളും നൂറ് ശതമാനവും ഭംഗിയാക്കി നടത്താൻ കഴിയില്ലാ എന്ന് പൊതുവിൽ എല്ലാവർക്കും അറിയാവുന്നതാണ്. നമ്മോട് ജൽസ കാരണം ഇവിടത്തെ താമസക്കാർക്ക് ഏതെങ്കിലും രീതിയിലുള്ള പ്രയാസം നേടിട്ടെന്ന് പറയാനുള്ള അവസരം നമ്മേ അനുകൂലിക്കുന്നവർക്കും പ്രതികൂലിക്കുന്നവർക്കും നാം ഉണ്ടാക്കിക്കൊടുക്കരുത്. ചിലർ ആക്ഷേപിക്കാൻ പഴുതന്വേഷിച്ച് നടക്കും. നാം ദുആ ചെയ്യുകയും അതോടൊപ്പം ഇങ്ങിനെ പഴുതുകളന്വേഷിച്ച് നടക്കുന്നവർക്ക് ഒരവസരവും കിട്ടാതിരിക്കാൻ പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. ജൽസാ സാലാനയുടെ അധികാരികൾ ട്രാഫിക്കിന് വേണ്ടി പ്രത്യേകനിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അത് കർശനമായും പാലിക്കുക. അതോടൊപ്പംതന്നെ ഈ നാട്ടിലെ ട്രാഫിക്ക് നിയമങ്ങൾ പാലിക്കേണ്ടത് ഓരോരുത്തരുടേയും കടമകൂടിയാണ്.

ചെറിയ റോഡായതുകൊണ്ട് നമുക്ക് എവിടേയും വണ്ടിനിർത്തുന്നതുകൊണ്ട് പ്രശ്നമില്ലെന്ന് ധരിക്കരുത്. യൂറോപ്പിൽ നിന്ന് വരുന്നവരും ഇംഗ്ലണ്ടിൽനിന്ന് വരുന്നവരും ഇക്കാര്യത്തിൽ ശ്രദ്ധി ക്കക. എല്ലാവരും റോഡിൽതന്നെ വണ്ടിനിർത്തിയിടുകയാണെങ്കിൽ റോഡ് ബ്ലോക്കാകും. ഹദീഖത്തുൽ മഹ്ദിയുടെ ഒരു ഭാഗത്ത് ഓൾട്ടൻ പട്ടണമാണ്. മറുഭാഗത്ത് ഒരു ഗ്രാമവുമാണ്. ഇവരുടെ റോഡുകളിലും വീടിനുമുമ്പിലും ഒരു കാരണവശാലും വണ്ടികൾ പാർക്ക് ചെയ്യാൻ പാടില്ല.

രണ്ട് വർഷം മുമ്പും ഇവിടെയുള്ളവീട്ടുകാർക്ക് പരാതിയുണ്ടായിരുന്നു. പ്രത്യേകിച്ച് മഴയുണ്ടാകുമ്പോൾ ട്രാഫിക്ക് സംവിധാനം തകരാറിലാകുന്നു. ഇപ്പോൾ നമ്മൾ ട്രാഫിക്കിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. മഴയുള്ളതുകൊണ്ട് ഒരു പക്ഷേ ഇന്നും അൽപ്പം ബുദ്ധിമുട്ട് ഉണ്ടായേക്കാം. അകത്തേക്ക് വണ്ടികൾ കൊണ്ടുവരാൻ പ്രയാസമുണ്ടെങ്കിലും പുറത്ത് ആരും നിർത്തരുത്. രണ്ട് വർഷം മുമ്പ് പ്രയാസമുണ്ടായപ്പോൾ നമുക്കെതിരിൽ ഇവിടത്തുകാർ ഒച്ചപ്പാടുണ്ടാക്കുകയുണ്ടായി. ഇങ്ങിനെയുള്ള സംഭവങ്ങൾ ഉണ്ടാവാതിരിക്കാൻ സംഘാടകർ ഇപ്രാവശ്യം പരിശ്രമിച്ചിട്ടുണ്ട്. എന്നിരുന്നാലും മറ്റുള്ളവർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന ഒരു പ്രവൃത്തിയും ഒരഹ്മദിയിൽനിന്നും ഉണ്ടാകാൻ പാടില്ല. സംഘാടകർക്കപോലും നിങ്ങളെ ഇക്കാര്യം ഓർമ്മപ്പെടുത്താനുള്ള അവസരംനിങ്ങൾ നൽകരുത്. ഓരോ അഹ്മദിയും സ്വയം ഉത്തരവാദിത്ത്വം മനസ്സിലാക്കണം. അവർ ഏത് നാട്ടിൽനിന്ന് വന്നവരാണെങ്കിലും ഇക്കാര്യത്തിൽ സൂക്ഷ്മത പാലിക്കേണ്ടതാണ്. ഹദീഖത്തുൽ മഹ്ദിയുടെ ചുറ്റും താമസിക്കുന്നവർ ഇവിടെ ജൽസയിൽ പങ്കെടുക്കാൻ വന്നവരുടെ അയൽവാസികളാണ്. മഴയുണ്ടെങ്കിൽ കൂടി പാർക്കിങ്ങിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

ജമാഅത്തംഗങ്ങളോട് ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു കാര്യം പ്രായോഗികവൽക്കരിക്കുകയാണെങ്കിൽ നമുക്ക് കുറേ പ്രയാസങ്ങൾ ഇല്ലാതായിത്തീരും. ലണ്ടനിൽനിന്ന് ഓൾട്ടൺ വരെയുള്ള ട്രെയിൻ സംവിധാനം ഉപയോഗപ്പെടുത്തുക. കുറഞ്ഞ ചെലവിൽ ഇതിൽ യാത്ര ചെയ്യാവുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ കാറുകൾ ഇങ്ങോട്ട് കൊണ്ടുവരാതിരിക്കാൻ ശ്രമിക്കുക. ലണ്ടൺ പള്ളിയിൽനിന്നും ബൈത്തുൽ ഫുത്വൂഹിൽനിന്നും സ്റ്റേഷൻവരെ വരാനുള്ള ബസ്സ് സർവ്വീസ് സംവിധാനം നാം ഒരുക്കിയിട്ടുണ്ട്. ഓൾട്ടൺ സ്റ്റേഷനിൽനിന്നും ഹദീഖത്തുൽ മഹ്ദിവരെ കൊണ്ടുവരാനുമുള്ള ബസ്സുകളും ഏർപ്പാടുചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ പ്രീതിക്കായി ജൽസയിൽ പങ്കെടുക്കാൻ തീരുമാനിച്ചിരിക്കുകയാൽ ചെറിയചെറിയ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അവഗണിക്കേണ്ടതാണ്.

ചിലർ ഇങ്ങിനേയും വിമർശിക്കാറുണ്ട്. ഇവിടെ വീതികുറഞ്ഞ റോഡുകളും ട്രാഫിക്ക് പ്രശ്നങ്ങളും ഉള്ളതറിഞ്ഞിട്ടും മഴകൊണ്ടു

ണ്ടാകുന്ന പ്രശ്നങ്ങളും എല്ലാം ഉള്ളതുകൊണ്ട് ജൽസക്ക് വേണ്ടി ഈ സ്ഥലം എടുത്തതെന്തിനാണ്? എന്നാൽ ഒരു കാര്യം ഓർക്കേണ്ടതാണ്. ജൽസക്ക് വേണ്ടി എവിടെ നാം സ്ഥലം എടുത്താലും ഈവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരും. ഇസ്ലാമബാദിലും ഈ പ്രശ്നം ഉണ്ടായിരുന്നു. അവിടെ ജൽസയിൽ പങ്കെടുക്കുന്നവരുടെ എണ്ണവും കുറവായിരുന്നു. മാത്രമല്ല പതുക്കെ പതുക്കെ അവിടത്തുകാർക്ക് ജൽസയുടെ ശീലം വന്നു. ആദ്യമാദ്യം ട്രാഫിക്കിനെകുറിച്ചുള്ള പരാതി നാട്ടുകാർക്കുണ്ടായിരുന്നു. പിന്നീട് അവർക്കത് ശീലമായപ്പോൾ അവരുടെ പരാതി ഇല്ലാതായി. ഇൻശാ അല്ലാഹ് അത് ഇവിടെയും ഇല്ലാതായിത്തീരുന്നതാണ്. എന്നാൽ ഒരു അഹ്മദിയും ഇവിടുത്തെ പ്രദേശത്തുകാർക്ക് ഒരുവിധപ്രയാസത്തിനും കാരണമായിത്തീരരുത്. നമ്മേകുറിച്ച് തെറ്റിദ്ധാരണയുള്ളവർപോലും ഒരു അഹ്മദിയുടെ നല്ല സമീപനംകൊണ്ട് നാണിച്ച് തലതാഴ്ത്തുന്ന അവസ്ഥ ഉണ്ടായിത്തീരണം. അങ്ങിനെ അഹ്മദികളുടെ ഗുണകാംക്ഷികളായി അവർ മാറട്ടെ. സൗഹൃദത്തിന്റെ കൈകൾ അവർ നീട്ടുന്നവരായി മാറട്ടെ. നാമുമായി ബന്ധപ്പെടുന്നത് അവർക്ക് അഭിമാനമായിത്തീരട്ടെ.

ഓരോ അഹ്മദിയും അഹ്മദിയ്യത്തിന്റെ പ്രതിനിധിയാണ്. ഈ കാര്യം മുന്നിൽവെച്ചുകൊണ്ടാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുഞ്ഞത്; *നമ്മുടെ (മുരീദ്)* ശിഷ്യരായിക്കൊണ്ട് നമ്മുടെ ദുഷ്പേരിന് കാരണക്കാരാകരു*ത്*. ശരിക്കും ശിഷ്യരായിക്കഴിഞ്ഞാൽ പിന്നെ ആരാണ് ഗുരുവിന് ദുഷ്പേരിന്ന് കാരണക്കാരാകുക. പിന്നെ ഇതിന്റെ അർത്ഥമെന്താണ്? നിങ്ങളുടെ സ്വഭാവം നന്നായിത്തീരുകയും നിങ്ങളിൽ ഒരുപരിവർത്തനം വരുത്തുകയും ചെയ്യുക. അങ്ങിനെ ഓരോ അഹ്മദിയും തന്നെ ജമാഅത്തിനും ഹദ്റത്ത് മസീഹ് മൗഊദ്(അ)നും സൽപ്പേരുണ്ടാക്കുന്നവരായിത്തീരേണ്ടതാണ്.

ജൽസാ സാലാനയുടെ യഥാർത്ഥ ഉദ്ദേശ്യം തന്നെ നമ്മിൽ പരിശുദ്ധമായ പരിവർത്തനം ഉണ്ടാക്കുക എന്നതാണ്. ഈ പരിശുദ്ധമായ മാറ്റമാണ് മറ്റുള്ളവരിൽനിന്നും ഒരു അഹ്മദിയെ വ്യതിരിക്തമാക്കുന്നത്. ഈ ദിനങ്ങളിൽ ഇബാദത്തിൽ നിങ്ങൾ മുന്നേറുന്നതോടൊപ്പം സ്വന്തക്കാരോടും അന്യരോടും സൽസ്വഭാവത്തോടെ പെരുമാറിക്കൊണ്ട് സ്വഭാവ സംകരണത്തിലും മുന്നേറേണ്ടത് ഓരോ അഹ്മദിയുടേയും കടമയാണ്. ആഥിത്യമരുളാൻ എപ്പോഴും തയ്യാറായിരിക്കാനും ഒരഥിതിക്കുപോലും പരാതി ഇല്ലാത്ത രീതിയിൽ അവരെ സേവിക്കണമെന്നും ഞാൻ ഡ്യൂട്ടിയിലുള്ളവരെ ഉണർത്തിയിട്ടുണ്ടെങ്കിലും അഥിതികളും അവരുടെ പെരുമാറ്റരീതി ഉന്നത ഗുണനിലവാരമുള്ളതാക്കേണ്ടത് അനിവാര്യമാണ്. ക്ഷമയും സഹനവും തങ്ങളിൽ ഉണ്ടാകേണ്ടതാണ്. ഏതെങ്കിലും ഡ്യൂട്ടിക്കാരിൽനിന്ന് വല്ലവിഷമവും എപ്പോഴെങ്കിലും നേരിട്ടിട്ടുണ്ടെങ്കിൽതന്നെ അവനും മനുഷ്യനാണെന്ന പരിഗണന നിങ്ങൾ നൽകേണ്ടതാണ്. അവനിൽനിന്നും മറവിയും കുറവും വന്നേക്കാം. ചിലർ ദിവസങ്ങളായി ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. 24 മണിക്കൂറിൽ രണ്ട് മണിക്കൂർ മാത്രം ഉറങ്ങാനുള്ള സമയമേ ചിലർക്ക് ലഭിക്കുന്നുള്ളൂ. മാനുഷികമായ ഈ അവസ്ഥയിൽ ഏതെങ്കിലും അഥിതിക്ക് തൃപ്തികരമായ മറുപടി നൽകാൻ ഒരുഡ്യൂട്ടിക്കാരന് കഴിഞ്ഞില്ലെന്ന് വരികയോ അതുമല്ലെങ്കിൽ തനിക്ക് ലഭിക്കേണ്ടരീതിയിലുള്ള ആഥിത്യം ലഭിച്ചില്ലെന്ന് അഥിതി മനസ്സിലാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തന്നെ അതിഥിയും വിട്ടുവീഴ്ച ചെയ്യേണ്ടതാണ്. ഡ്യൂട്ടിയിലുള്ളവരോട് ക്ഷമിക്കേണ്ടതാണ്. യു.കെ യിലെ വിവിധ സ്ഥലങ്ങളിൽനിന്ന് വന്നവരാണ് മിക്ക അതിഥികളും. ഇവിടെ ലോകത്തിന്റെ വിവിധഭാഗത്തുനിന്നും അഹ്മദികളും അനഹ്മദികളുമായ അതിഥികൾ വരുന്നുണ്ട്. ഒരു ഡ്യൂട്ടിക്കാരൻ പ്രാദേശിക അതിഥികളേക്കാളും ശ്രദ്ധയും പരിഗണനയും പുറമേ നിന്നുവന്ന അതിഥിക്കാണ് നൽകുന്നതെങ്കിൽ- തീർച്ചയായും അവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുതന്നെയാണ്- പ്രാദേശിക അതിഥികൾ ഇത് ശരിയായില്ല എന്ന് കരുതരുത്. അതിഥിയായ അവസ്ഥയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) കാണിച്ച മാതൃകയും നമ്മുടെ മുമ്പിൽ ഉണ്ടായിരിക്കേണ്ടതാണ്. ഈ മാതൃകയെല്ലാം നമുക്കിന്നും വഴികാട്ടിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിക്കൽ യാത്രയിലായിരുന്നു. ജോലിയുടെ തിരക്കിലുമായിരുന്നു. അതുകാരണം രാത്രിയിലെ ഭക്ഷണം കഴിക്കാൻ കഴിഞ്ഞില്ല. രാത്രി കുറേ കഴിഞ്ഞപ്പോൾ വിശപ്പ് അനുഭവപ്പെട്ടു. ഭക്ഷണമുണ്ടോ എന്ന് അന്വേഷിച്ചു. ഡ്യൂട്ടിയിലുള്ളവരെല്ലാം വളരെയധികം വിഷമാവസ്ഥയിലായി. കാരണം ഭക്ഷണം പൂർണ്ണമായും തീർന്നുപോയിരുന്നു. അൽപം പോലും ബാക്കിയുണ്ടായിരുന്നില്ല. ഹോട്ടലിൽ നിന്ന് ഭക്ഷണം വരുത്താൻ നോക്കിയപ്പോൾ ഹോട്ടലുകളെല്ലാം അടച്ചുപോയിരുന്നു. ഭക്ഷണം തീർന്നിരിക്കുന്നു എന്നും ഡ്യൂട്ടിയിലുള്ളവരെല്ലാം ഇതോർത്ത് വളരെ വിഷമത്തിലാണെന്നും ഹുസൂർ അറിഞ്ഞപ്പോൾ ഉടനെ ഹുസൂർ പറഞ്ഞു. വിഷമിക്കേണ്ട ആവശ്യമെന്തിരിക്കുന്നു. റൊട്ടിയുടെ കഷണങ്ങൾ ബാക്കിയുണ്ടോ എന്ന് നോക്കൂ. അതുകൊണ്ടുവരൂ. അങ്ങനെ അൽപം റൊട്ടിക്കഷണം കൊണ്ടുവന്നു. ഹുസൂർ അതിൽ നിന്നും അൽപം കഴിച്ചു. സംഘാടകരെ സന്തോഷിപ്പിച്ചുവിടുകയും ചെയ്തു. ലേഖകൻ എഴുതുന്നു. ഹുസൂർ അന്ന് ഞങ്ങളോട് ഭക്ഷണം പാകം ചെയ്യാൻ പറഞ്ഞിരുന്നെങ്കിൽ ഞങ്ങളെ സംബന്ധിച്ച് ഇത് വലിയ ആദരവാകുമായേനേ. ഞങ്ങളും അതിൽ അഭിമാനം കൊണ്ടേനേ. എന്നാൽ ഞങ്ങളുടെ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഭക്ഷണം പാകം ചെയ്യുന്നതിനെ വിലക്കുകയാണ് ചെയ്തത്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ പ്രവേശിച്ചവർ പ്രകടിപ്പിക്കേണ്ട മാതൃകകളാണിവ.

ജൽസ ദിനങ്ങളിലും മറ്റു ദിവസങ്ങളിലും ചില ലങ്കർഖാനകളെ കുറിച്ച് എനിക്ക് പരാതികൾ ലഭിക്കാറുണ്ട്. എന്നാൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമ്പോൾ ഇവർ പറയുന്ന രീതിയിലുള്ള അവഗണനയൊന്നും അതിഥിയോട് കാട്ടിയിട്ടില്ലെന്ന് മനസ്സിലാകുന്നു. അതിഥികളുടെ വികാരങ്ങളെ മാനിക്കേണ്ടത് തികച്ചും അനിവാര്യം തന്നെയാണ്. അതിഥികളും ഉള്ളകാര്യം ഉള്ളതുപോലെ വിവരിക്കേണ്ടതാണ്. റബ്വയിൽ ഇപ്പോൾ ജൽസ നടക്കുന്നില്ല. ജൽസ ഉള്ളപ്പോൾ അവിടെയും പരാതി ഉണ്ടാകാറുണ്ട്. റബ്വയിലുള്ള ദാറുസ്സിയാഫത്ത് (ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലങ്കർഖാനയും ഇപ്പോഴും പ്രവർത്തനനിരതമാണ്. അവിടെയുള്ള ഉദ്യോഗസ്ഥരോട് വല്ല കുറവും വന്നാൽ തന്നെ അഹ്മദീ അതിഥികൾ വളരെയധികം ദേഷ്യപ്പെടുന്നു. അവിടെയുള്ള ഉദ്യോഗസ്ഥർ വല്ലതെറ്റും വന്നുപോയാൽ പൊതുവിൽ അതിഥികളോട് ക്ഷമാപണം നടത്താറുണ്ട്. ഇതേപോലെ ഖാദിയാനിലെ ലങ്കർഖാനയെക്കുറിച്ചും പരാതികൾ ലഭിക്കാറുണ്ട്. ഖലീഫ ഉള്ളതുകൊണ്ട് ഇവിടെയും സ്ഥിരമായ ലങ്കർ നടന്നുകൊണ്ടിരിക്കുന്നു. ഇവിടെനിന്നും പരാതികൾ വന്നുകൊണ്ടിരിക്കാറുണ്ട്. പ്രത്യേകിച്ച് ജൽസാ ദിനങ്ങളിൽ പരാതികൾ ഉണ്ടാകാറുണ്ട്. ലോകത്ത് മറ്റുസ്ഥലങ്ങളിൽ നിത്യവും ലങ്കർ ഉണ്ടാകില്ല. അവിടെ സ്ഥിരമായി ജനങ്ങൾ വന്നുകൊണ്ടിരിക്കുകയോ അതേപോലെ ലങ്ക

റിന്റെ സൗകര്യമോ ഇല്ല. അവിടങ്ങളിലെല്ലാം ജൽസാ ദിനങ്ങളിലാണ് ലങ്കർ ഉണ്ടാകുക. അവിടെനിന്നും പരാതികൾ വരാറുണ്ട്.

ചുരുക്കത്തിൽ പല കുറവുകളും പ്രവർത്തകരിൽ നിന്നും വരുന്നുണ്ട്. അത് ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്തതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ലങ്കറിൽ വരുന്ന ഓരോരുത്തരേയും ആദരിക്കേണ്ടത് പ്രവർത്തകരുടെ കടമയാണ്. സ്ഥിരമായ ലങ്കർ ഉള്ള സ്ഥലങ്ങളിലെ ജോലിക്കാരോട് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്, അവിടെ ഏതു തരത്തിലുള്ള അതിഥികൾ വന്നാലും, പ്രാദേശിക അതിഥികളായും റബ്വയിലേയോ ഖാദിയാനിലേയോ ഇവിടത്തേയോ അതിഥികളാണെങ്കിലും അവരുടെ വികാരങ്ങളെ ആദരിക്കുക. അവർക്ക് വിഷമമുണ്ടാകുന്ന ഒരു വാക്കുപോലും നിങ്ങൾ പറയരുത്.

എന്നാൽ അതിഥികളും ക്ഷമയും സഹനവും കൈകൊള്ളേണ്ടതാണ്. ജൽസാ ദിവസങ്ങളിൽ ഇവിടെ പ്രവർത്തിക്കുന്നവരെല്ലാം വളണ്ടിയർമാരാണ്. അവർ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരാണ്. യൂനിവേർസിറ്റിയിലേയും കോളേജുകളിലേ വിദ്യാർത്ഥികളുണ്ട്. ഈ സമൂഹാന്തരീക്ഷത്തിൽ വളർന്നുവന്നവരായിട്ടുകൂടി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ പ്രവേശിച്ച കാരണത്താൽ തങ്ങളെ മസീഹ്മൗഊദ് (അ) ന്റെ അതിഥികളെ സേവിക്കുന്നതിനായി സമർപ്പണം ചെയ്യുന്നു. അതുകൊണ്ട് അവരുടെ ന്യൂനതകളെ നിങ്ങൾ അവഗണിക്കുകയും അവർ തങ്ങളെ സേവനത്തിനായി സമർപ്പിച്ച വികാരത്തെ മാനിക്കുകയും ചെയ്യുക.

അനഹ്മദീ അതിഥികൾക്ക് പ്രത്യേക സംവിധാനം ഇവിടെ ഒരുക്കുന്നു. കാരണം അവർക്ക് ഏറ്റവും ഉന്നത നിലവാരത്തിലുള്ള ആതിഥ്യമരുളുന്നതിന്ന് വേണ്ടിയാണിത്. നിങ്ങളുടെ പക്കൽ ഒരു സമൂഹത്തിലെ ആദരണിയ്യ വ്യക്തികൾ വന്നാൽ നിങ്ങൾ അവരെ ആദരിക്കണം എന്ന തിരുനബി (സ) യുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് നാമത് ചെയ്യുന്നത്.

ഇവിടെ ജൽസക്കായി വരുന്ന അതിഥികൾ മനസ്സിലാക്കേണ്ട മറ്റൊരുകാര്യം ജൽസ കേൾക്കാനും അതിൽനിന്ന് ഫലമെടുക്കാനുമാണ് ഇവിടെ വരുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) വളരെ വ്യക്തമാക്കിയിട്ടുള്ള ഒരു കാര്യമാണ് ഈ ജൽസ മറ്റു ഭൗതിക മേളകളെ പ്പോലുള്ള ഒന്നല്ല എന്ന്. ഭൗതിക മേളകളിൽ ആളുകൾ രാപ്പകൽ കറങ്ങിയടിക്കലാണ്. വ്യർത്ഥമായ മജ്ലിസുകൾ സംഘടിപ്പിക്കുകയും തിന്നുകയും കുടിക്കുകയും കൂത്താടുകയും ചെയ്യുക എന്നല്ലാതെ അവിടെ മറ്റൊന്നുമില്ല. ഇവിടെ മൂന്ന് ദിവസം ഭൗതിക ഭക്ഷണത്തിലേക്ക് കൂടുതൽ ശ്രദ്ധിക്കാതെ ആത്മീയ ഭക്ഷണത്തിലേക്ക് ശ്രദ്ധ തിരിക്കുകയാണെങ്കിൽ മാത്രമേ ബൈഅത്തിന്റെ നിബന്ധനകൾ പൂർത്തിയാക്കുന്ന യഥാർത്ഥ അഹ്മദിയാണെന്ന് പറയാൻ സാധിക്കുകയുള്ളൂ.

അതുകൊണ്ട് ജൽസയിൽ നടക്കുന്ന എല്ലാ പ്രോഗ്രാമുകളിലും പുരുഷന്മാരും സ്ത്രീകളും യുവാക്കളും മുതിർന്നവരും എല്ലാവരും അതർഹിക്കുന്ന ഗൗരവത്തോടെ പങ്കെടുക്കേണ്ടതാണ്. ഇവിടെ കേൾക്കുന്ന പ്രസംഗങ്ങൾ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക. ഒരു സ്ത്രീയോ പുരുഷനോ യുവാവോ കുട്ടിയോ ജൽസ നടക്കുമ്പോൾ പുറത്ത് കറങ്ങിയടിക്കുന്നതായോ സദസ്സുകളിലിരുന്ന് സൊറ പറയുന്നതായോ കളിക്കുന്നതായോ കണ്ട് പോകരുത്. സ്ത്രീകളുടെ ഭാഗത്ത് ചെറിയ കുട്ടികൾക്കായി അവർ കരയുകയും ശബ്ദമുണ്ടാക്കുകയും ചെയ്യുന്നതുകൊണ്ട് പ്രത്യേക പന്തൽ തന്നെ ഒരുക്കിയിട്ടുണ്ട്. എന്നാൽ ഏഴോ എട്ടോ വയസ്സുള്ള കുട്ടികളുള്ള ഉമ്മമാർ, അവരുടെ കുട്ടികൾ പറഞ്ഞാൽ അനുസരിക്കുന്നവരും കരച്ചിലും ഒച്ചപ്പാടുണ്ടാക്കുന്നവരുമാല്ലെങ്കിൽ അവരെ മാതാപിതാക്കൾ പറഞ്ഞ് മനസ്സിലാക്കി തങ്ങളുടെ കൂടെ കൊണ്ടുവരേണ്ടതാണ്. ഈ മൂന്ന് ദിവസവും ജൽസയാണെന്നും നീ നല്ലവനായി എല്ലാ പരിപാടികളും കേട്ട് കൊണ്ട് ജൽസാ ഗാഹിൽ ഇരിക്കണമെന്നും കുട്ടികളെ പറഞ്ഞ് മനസ്സിലാക്കുക. ഇതിന്റെ ട്രെനിങ്ങ് വർഷം മുഴുവനും വീട്ടിൽ വെച്ച് നൽകേണ്ടതാണ്. അത്ഫാൽ മീറ്റിംഗുകളിലും നാസിറാത്ത് മീറ്റിംഗുകളിലും കുട്ടികളെ വേണ്ടരീതിയിൽ ഇരുത്തുന്നില്ലെന്ന പരാതി എനിക്ക് ലഭിക്കുന്നുണ്ട്. പെൺകുട്ടികളിൽ കുസൃതി കുറവാണെങ്കിലും ആൺകുട്ടികൾ കുസൃതി അൽപം കൂടുതലായിരിക്കും . ഒരു വർഷം മാതാപിതാക്കളും കീഴ്ഘടകങ്ങളും കുട്ടികളെ ഈ രീതിയിൽ തർബിയത്ത് ചെയ്യുകയാണെങ്കിൽ ജൽസയിൽ ഇങ്ങനെയുള്ള പരാതികൾ നമുക്ക് ഉണ്ടാകില്ല.

കുട്ടികളിൽ ഒരു വിഭാഗം വളരെ നല്ല രീതിയിൽ ഇവിടെ ഡ്യൂട്ടി നൽകി കൊണ്ടിരിക്കുന്നു. എന്നാൽ പുറമെനിന്ന് വന്നിട്ടുള്ള ഒരു വലിയവിഭാഗം ഡ്യൂട്ടി നൽകാത്തവരാണ്. അവർ കളിക്കുന്നു. ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരിക്കുന്നു. അത് കാരണം ജൽസ കേൾക്കുന്നവർക്ക് ശല്യമായി മാറുന്നു. അതുകൊണ്ട് ജൽസയിൽ പങ്കെടുക്കുന്നവർ സ്നേഹവാത്സല്യത്തോടെ നിങ്ങളുടെ കുട്ടികളെ തർബിയ്യത്ത് ചെയ്യേണ്ടതാണ്. നമ്മുടെ മുതിർന്നവർ ജൽസാ പ്രോഗ്രാമുകൾ വളരെ ശ്രദ്ധാപൂർവ്വം കേൾക്കുന്നുണ്ടെന്ന് കുട്ടികൾക്കും ബോധ്യമാകുമ്പോഴാണ് അവരെ തർബിയത്ത് ചെയ്യുന്നതിലും നമുക്ക് വിജയിക്കാൻ സാധിക്കുന്നത്. സ്ത്രീകളുടെ ജൽസാ ഗാഹിൽ നിങ്ങൾ നിശബ്ദത പാലിക്കുക എന്ന പ്ലേകാർഡും പിടിച്ച് ഡ്യൂട്ടിയിലുള്ളവർ നിൽക്കാറുണ്ട്. എന്നാൽ നമ്മുടെ ജൽസകളിൽ ഈ അവസ്ഥയെല്ലാം മാറേണ്ടതും ആരും തന്നെ ഓർമ്മപ്പെടുത്താതെത്തന്നെ നാം സ്വയം ഉണർന്നുകൊണ്ട് നിശബ്ദരായി പരിപാടികൾ കേൾക്കുന്നവരായി മാറേണ്ടതുമാണ്.

മറ്റൊരു കാര്യം ശ്രദ്ധയിൽ പെടുത്താനുള്ളത് നിങ്ങളുടെ പരിസരം സൂക്ഷിക്കുക എന്നതാണ്. ജമാഅത്തിനെ അല്ലാഹു എപ്പോഴും സംരക്ഷിക്കും. അവൻ സംരക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചരിത്രം നമ്മോട് ഇതാണ് പറയുന്നത്. അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട് അവന്റെ മുമ്പിൽ നാം കുമ്പിടുകയാണെങ്കിൽ ജമാഅത്തുമായുള്ള ബന്ധം സുദൃഢമാകുന്നതോടൊപ്പം അല്ലാഹുവിന്റെ സംരക്ഷണത്തിൽ നിലനിൽക്കുകയും ചെയ്യുന്നതാണ്. **ഞാൻ നിന്റെ കൂടെയും നിന്റെ പ്രിയപ്പെട്ടവരുടെകൂടെയുമ**ാണെന്നത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് ചെയ്തിരിക്കുന്ന വാഗ്ദാനമാണ്. അന്തിമവിജയം നിന്റേതു തന്നെയാണ് എന്ന സുവിശേഷവും അല്ലാഹു ആ മഹാത്മാവിന് നൽകിയിട്ടുണ്ട്. ജമാഅത്ത് എന്ന നിലയിൽ അല്ലാഹു ജമാഅത്തിനെ തന്റെ സംരക്ഷണത്തിൽ വയ്ക്കും എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്. (ഇ.അ) അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് വികസിക്കേണ്ടത് തന്നെയാണ്. എന്നാൽ എതിരാളികളും ശത്രുക്കളും നമുക്ക് നഷ്ടം വരുത്താൻ തക്കം പാർത്തിരിക്കുകയാണ്. ചില സന്ദർഭങ്ങളിൽ ചില വ്യക്തികളുടെ ജീവൻ തന്നെ ഖുർബാൻ ചെയ്യേണ്ടതായും വരുന്നു. നമ്മുടെ അശ്രദ്ധ കാരണമായും ചിലപ്പോൾ എതിരാളികൾ ഫലമെടുക്കുന്നു. ഇന്ന് ലോകത്തിന്റെ അവസ്ഥവെച്ച് നോക്കുമ്പോൾ ബാഹ്യമായ രീതിയിലുള്ള സുരക്ഷിതത്വം ഏറ്റവും നല്ലരീതിയിൽ,

കണിശതയോടുകൂടി പാലിക്കേണ്ടതാണ്. യുക്തിയും പറയുന്നത് ഇത് തന്നെ. അല്ലാഹുവിന്റെ കൽപനകൂടിയാണിത്. അതുകൊണ്ട് ഇപ്രാവശ്യം സ്കാനർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകാരണം ജൽസ ഗാഹിൽ എത്താൻ അൽപം താമസം നേരിട്ടേക്കാം. അതുകൊണ്ട് ക്ഷമയോടും സഹനത്തോടും പുതിയ ഈ സംവിധാനം ഉപയോഗപ്പെടുത്തികൊണ്ട് സ്വയം പരിശോധന നടത്തുന്നതിൽ സംഘാടകരോട് സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. ചെക്കിംഗ് ചെയ്യുന്നവർ അറിയുന്നവരാണെങ്കിൽ പോലും, അവർ ഒരു പ്രാവശ്യം വന്ന് പുറത്ത് പോയവരാണെങ്കിലും തിരിച്ചുവരുമ്പോൾ വീണ്ടും ചെക്ക് ചെയ്യുകയും സ്കാനറിൽ കൂടെ കടത്തിവിടേണ്ടതുമാണ്. ജൽസയിൽ പങ്കെടുക്കുന്ന എല്ലാവരും തന്നെ തങ്ങളുടെ ചുറ്റുപാടും വീക്ഷിച്ചുകൊണ്ടിരിക്കുക. ഒരു മുഖ്‌ലിസായ അഹ്‌മദി ജമാഅത്തിനെ ഏതുതരം അപകടത്തിൽനിന്നും രക്ഷിക്കാൻ എപ്പോഴും ഉണർന്ന് പ്രവർക്കുന്നതാണ്. അതുകൊണ്ട് എപ്പോഴും തന്റെ ചുറ്റുപാടും ഒരു കണ്ണുണ്ടായിരിക്കേണ്ടതാണ്. ഇനി ആരെയെങ്കിലും കുറിച്ച് നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഉടനെ സംഘാടകരെ അറിയിക്കുക. സ്ത്രീകൾ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ലജ്നയുടെ ഭാഗത്ത് ഒരു സ്ത്രീപോലും പൂർണ്ണമായും മുഖംമറച്ച് ഇരിക്കുന്നവരോ കറങ്ങുന്നവരോ ഉണ്ടാവാൻ പാടില്ല. കുറച്ച് വർഷം മുമ്പ് പുരുഷന്റെ വേഷത്തിൽ ഒരു സ്ത്രീയെ പിടിക്കപ്പെട്ടിരുന്നു. ചെക്കിങ്ങ് എല്ലാം ഉഷാറായി നടക്കുന്നുണ്ടല്ലോ അതുകൊണ്ട് ഇനി പ്രശ്നമില്ലെന്ന് ധരിച്ച് അശ്രദ്ധ കാണിക്കരുത്. അശ്രദ്ധയുണ്ടാകുമ്പോഴാണ് ചില നഷ്ടങ്ങൾ വരാറുള്ളത്. അതുകൊണ്ട് എപ്പോഴും ബന്ധശ്രദ്ധരായിരിക്കുക.

ശുചിത്വം ഇന്നാളുകളിൽ പ്രത്യേകം പാലിക്കണം. മാലിന്യങ്ങൾ ഒരു കാരണവശാലും പുറത്തേക്ക് വലിച്ചെറിയരുത്. ജോലിക്കാരുണ്ടല്ലോ അവർ വൃത്തിയാക്കിക്കൊള്ളും എന്ന് ധരിച്ചുപോകരുത്. മാലിന്യങ്ങൾ നിക്ഷേപിക്കാനായി എവിടെയാണോ ഡസ്റ്റ് ബിൻ വെച്ചിട്ടുള്ളത് അവിടെത്തന്നെ കൊണ്ടുപോയി ഇടുക. ഡിസ്പോസിബിൾ ഗ്ലാസായാലും കടലാസായാലും മറ്റെന്താണെങ്കിലും ശരി. അവിടെ പോയി ഇടുമ്പോൾ കുറച്ച് പ്രയാസമുണ്ടാകുമെങ്കിലും ചുറ്റുപാടും വൃത്തിയായിരിക്കും. കുളിമുറിയും കക്കൂസും ഉപയോഗിച്ചതിനുശേഷം ശരിക്കും വൃത്തിയാക്കാൻ സ്വയം അതിഥികൾ തന്നെ ശ്രമിക്കുക. ഇത് വൃത്തിയാക്കുന്നതുകൊണ്ട് ആരുടേയും സ്ഥാനമാനങ്ങളൊന്നും ഇടിഞ്ഞു വീഴില്ല. ഇവിടെ വൃത്തിയാക്കാനായി ഡ്യൂട്ടിചെയ്യുന്ന വളണ്ടിയർമാരിൽ അധികവും ഉന്നതസ്ഥാനം അലങ്കരിക്കുന്നവരും ഉന്നത കുടുംബത്തിൽ പിറന്നവരുമൊക്കെ തന്നെയാണ്. വൃത്തിയാക്കുന്നതുകൊണ്ട് അഭിമാനം കുറയുകയല്ല ചെയ്യുക. മറിച്ച് വർദ്ധിക്കുകയാണ് ചെയ്യുക. തങ്ങളുടെ മാന്യത പ്രകടമാക്കുകയാണ് ചെയ്യുക. വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ അവിടെ ടൊയ്‌ലറ്റിൽ ഇപ്രകാരം എഴുതിയിരിക്കും. അടുത്തയാത്രക്കാരന്റെ സൗകര്യാർത്ഥം കുളിമുറി വൃത്തിയാക്കുക. ഡ്യൂട്ടിയിലുള്ളവർക്കായി നടത്തിയ പരിപാടിയിൽ അന്ന് ഞാൻ ഒരു സഹോദരിയുടെ ഉദാഹരണം കേൾപ്പിച്ചിരുന്നു. ആ സഹോദരി ശുചിത്വ വകുപ്പിലാണ് എപ്പോഴും വളരെ ആവേശത്തോടെ ഡ്യൂട്ടി നൽകാറുണ്ടായിരുന്നത്. ആരെങ്കിലും ബാത്ത്റൂം ഉപയോഗിച്ചുകഴിഞ്ഞാൽ ഉടനെ അവർ അത് വൃത്തിയാക്കും. ആ സ്ത്രീയെ കണ്ട് ഒരു സഹോദരിക്ക് അവരെക്കുറിച്ച് അറിയാൻ ആഗ്രഹം. കാരണം കണ്ടാൽ ഉന്നത കുടുംബത്തിലെ ഒരു സ്ത്രീയായിട്ടാണ് തോന്നുന്നത്. ഏതായിരുന്നാലും അവർ പോയി ഇവരെക്കുറിച്ച് അന്വേഷിച്ചപ്പോഴാണ് മനസ്സിലായത് ഇത് ആപ്പാ മജീദാ ശൗവാസ് സാഹിബയാണ് എന്നറിഞ്ഞത്. ഒരു സർക്കാർ ഓഫീസറുടെ മകളായിരുന്നു അവർ. വലിയ ഒരു ബിസിനസ്സുകാരന്റെ ഭാര്യ. എന്നാൽ ഹ:മസീഹ് മൗഊദ് (അ) ന്റെ അതിഥികളെ സേവിക്കുക എന്ന ഒരൊറ്റ വികാരം കൊണ്ടാണ് ഈ ജോലി അവർ ചെയ്തുകൊണ്ടിരുന്നത്. അവർ ജമാഅത്തിന് സാമ്പത്തികമായ വലിയ ത്യാഗങ്ങൾ ചെയ്യുന്ന മഹതി കൂടിയായിരുന്നു. എന്നാൽ സാമ്പത്തിക ത്യാഗം മാത്രം മതിയെന്ന് അവർ കരുതിയിരുന്നില്ല. മറ്റു സേവനങ്ങളും ചെയ്യാൻ എപ്പോഴും തയ്യാറായിക്കൊണ്ടിരുന്നു. അല്ലാഹു അവരുടെ മക്കൾക്കും ജമാഅത്തുമായി സുദൃഢ ബന്ധം നിലനിറുത്തുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ചുരുക്കത്തിൽ ശുചിത്വം എന്നത് തിരുനബി (സ) യുടെ കൽപന പ്രകാരം ഈമാന്റെ ഭാഗമാണ്. അല്ലാഹുവും അവന്റെ റസൂലും നമ്മോട് കൽപിച്ചിട്ടുള്ള ചെറിയ നന്മകൾ പോലും പ്രാവർത്തികമാക്കേണ്ടത് ഒരു വിശ്വാസിയുടെ കടമയാണ്. വൃത്തി വിശ്വാസിയാണെന്നുള്ളതിനുള്ള ഒരടയാളമാണ്. അതുകൊണ്ട് എല്ലാ അതിഥികളും ആതിഥേയരും ഇക്കാര്യം ശ്രദ്ധിക്കുക. ഡ്യൂട്ടിക്കാരുണ്ടല്ലോ എന്ന് കരുതി ബാത്ത്റൂം സ്വയം വൃത്തിയാക്കാതിരിക്കരുത്. ഇന്ന് മഴയുള്ളത് കൊണ്ട് കുറച്ച് മാലിന്യം പോലും അസ്വസ്ഥത യുണ്ടാക്കും. ചെളിയുള്ള ഷൂവുമായി അകത്ത് കയറിയാൽ വൃത്തികേടാകും. അതുകൊണ്ട് ഷൂ തുടച്ച് കയറാൻ പറ്റിയതരത്തിൽ സംഘാടകർ അവിടെ ചവിട്ടിയോ മറ്റോ വിരിക്കേണ്ടതാണ്. അത് ഉപയോഗിക്കുന്നവർ സ്വയം അവിടം നല്ലതുപോലെ വൃത്തിയാക്കുക. ഇന്ന് മഴ പെയ്യും എന്നാണ് വാർത്തുയുള്ളത്.

പന്നിപ്പനി ഇപ്പോൾ വ്യാപകമാണ്. ഗവൺമെന്റ് തലത്തിലും ജാഗ്രതാ നിർദ്ദേശം ലഭിച്ചുകൊണ്ടിരിക്കുന്നു. എം.ടി.എയിലും ഇത് സംബന്ധമായ അറിയിപ്പുകൾ കാണാവുന്നതാണ്. ഇതിന്നായി ഇവിടെ വരുന്ന എല്ലാവർക്കും ഹോമിയോ മരുന്ന് നൽകാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. ഇന്ന് കൊടുത്തിട്ടുണ്ടോ എന്നെനിക്കറിയില്ല. കൊടുത്തിട്ടില്ലെങ്കിൽ സ്കാനറിലൂടെ പുറത്തേക്ക് പോകുന്ന സമയത്ത് മരുന്ന് നൽകേണ്ടതാണ്. എല്ലാവരും ഇക്കാര്യത്തിൽ സഹകരിക്കേണ്ടതാണ്. ആർക്കെങ്കിലും ഏതെങ്കിലും തരത്തിലുള്ള പനിയുണ്ടെങ്കിൽ മറ്റുള്ളവരെ പരിഗണിച്ചുകൊണ്ട് ഇതുമായി ബന്ധപ്പെട്ട ഡോക്ടറോട് അഭിപ്രായമാരായേണ്ടതാണ്. അല്ലാഹു എല്ലാ അഹ്‌മദികളെയും ഈ രോഗത്തിൽ നിന്നും മറ്റു രോഗങ്ങളിൽ നിന്നും കാത്തുരക്ഷിക്കട്ടെ. ജൽസയിൽ പങ്കെടുക്കുന്നവർക്ക് ജൽസയുടെ അനുഗ്രഹങ്ങൾ സ്വരുകൂട്ടി കൊണ്ട് അവരുടെ വീടുകളിലേക്ക് തിരിച്ചുപോകാൻ സാധിക്കുമാറാകട്ടെ.

പാക്കിസ്ഥാൻ, ബംഗ്ലാദേശ്, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ആഫ്രിക്കൻ നാടുകളിൽനിന്നും വന്നവരോട് ഞാൻ എപ്പോഴും പറയാറുള്ളത് അവരുടെ വിസയുടെ കാലാവധി തീരുന്നതിനും എത്രയോ മുമ്പേതന്നെ തിരിച്ചുപോകാൻ ശ്രമിക്കേണ്ടതാണ്. വിസ നൽകുന്ന യു.കെ എംബസി ഇപ്രാവശ്യം പറഞ്ഞിരിക്കുന്നത് ചില അഹ്‌മദികൾ ജൽസയുടെ പേരിൽ പോകുന്നു. എന്നാൽ തിരിച്ചുവരുന്നില്ല. അതുകൊണ്ട് ചില വിസകൾ ഞങ്ങൾക്ക് ക്യാൻസൽ ചെയ്യേണ്ടിവന്നു. ഈ കാര്യം പൂർണ്ണമായും തെറ്റാണ്. കഴിഞ്ഞ ആറേഴ് വർഷമായി ഇവിടെ വരുന്നവരെല്ലാം തിരിച്ചുപോകുന്നുണ്ടെന്ന് എനിക്ക് നല്ലതുപോലെ അറിയാവുന്നതാണ്. നാലോ അഞ്ചോ ആളുകളല്ലാതെ മറ്റാരും ഇവിടെ നിന്നിട്ടില്ല. ജൽസയുടെ വിസയിൽ ഇവിടെ വന്ന് താമസിക്കുന്നവർക്ക് ശിക്ഷ ലഭിക്കാറുണ്ട്.

നാമമാത്ര ആളുകൾ പോലും ഇവിടെ തങ്ങുന്നുണ്ടെങ്കിൽ ഇത് തെറ്റായ നടപടിയാണ്. ജമാഅത്തിന് ദുഷ്പേരുണ്ടാക്കാൻ കാരണമായി ത്തീരുന്നു. ഇതുകാരണം ജൽസയുടെ നിയ്യത്തുമായി വരാൻ ഉദ്ദേശിക്കുന്നവരുടെ വഴി അടയപ്പെടുന്നതാണ്. ഈ പ്രവർത്തി ഒരിക്കലും ഒരഹ്മദിക്കും ഭൂഷണമല്ല.

ജൽസയിൽ വരുന്നവർക്ക് താമസസൗകര്യവും ഒരുക്കിക്കൊടുക്കുന്നുണ്ട്. അതിഥി സത്ക്കാരത്തിലുള്ള സംവിധാനവുമുണ്ട്. ഇതെല്ലാം പൊതുവിൽ രണ്ടാഴ്ചക്കാണ് ഉണ്ടാകുക. ഇതിനുശേഷം ആതിഥേയരുടെ അനുവാദമില്ലാതെ തുടർന്നും താമസിക്കുക എന്നത് ഒരിക്കലും ശരിയല്ല. ക്ഷണിക്കാതെവന്നവരെപ്പോലെയായിരിക്കുമത്. ഈ പ്രവർത്തി ഇസ്ലാം പൂർണ്ണമായും വെറുക്കുന്നു. തങ്ങളുടെ ബന്ധുക്കളുടെ അടുത്ത് താമസിക്കുന്നവരും ആതിഥേയരോട് കാരുണ്യമുള്ളവരായിരിക്കേണ്ടതാണ്. അവർക്ക് അനാവശ്യമായ ഭാരം ഇടരുത്. ചിലർ എന്നോട് വന്ന് പറയാറുണ്ട്. ഞങ്ങൾ ഇത്ര ദിവസം നിൽക്കണം എന്ന് കരുതിയാണ് വന്നത്. എന്നാൽ ആരുടെ അടുത്താണോ താമസിക്കുന്നത് അവരുടെ പെരുമാറ്റരീതി തൃപ്തികരമല്ലാത്തതുകൊണ്ട് ജമാഅത്ത് സംവിധാനത്തിന്റെ കീഴിൽ താമസിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ അതിഥികളും മറ്റുള്ളവർക്ക് ഭാരമുണ്ടാകാത്ത രീതിയിൽ തങ്ങളുടെ പ്രോഗ്രാമുകൾ ഉണ്ടാക്കേണ്ടതാണ്.

ജൽസയുടെ ഉദ്ദേശം സ്നേഹം വർദ്ധിപ്പിക്കുക എന്നതാണ്. പരസ്പരം സ്നേഹം വർദ്ധിക്കുന്നതിനുപകരം സ്നേഹം കുറയുകയാണെങ്കിൽ ജൽസയുടെ ഉദ്ദേശ്യം തന്നെ പാഴായിപ്പോകുകയാണ് ചെയ്യുന്നത്. ആതിഥേയൻ ആത്മധൈര്യം കാണിക്കുന്നതോടൊപ്പം അതിഥിയും അവസ്ഥകൾ മനസ്സിലാക്കേണ്ടതാണ്. നിങ്ങളുടെ ഈ യാത്ര അല്ലാഹുവിന്റെ പ്രീതിക്ക് വേണ്ടി മാത്രമായിരിക്കണം. ഭൗതിക നേട്ടം കരസ്ഥമാക്കാനുള്ള ഒരുപാധിയായി ഇതിനെ കാണരുത്. അതുകൊണ്ട് ഈ യാത്രയെ പൂർണ്ണമായും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാനുള്ള യാത്രയായി മാറുക. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ഇവിടെ പ്രസിദ്ധീകരിച്ച പ്രോഗ്രാം നോട്ടീസിൽ ചില സുപ്രധാന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അത് നിർബന്ധമായും വായിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിൽ നിന്നും മഴ ഉണ്ടാകും എന്ന മുന്നറിയിപ്പുണ്ട്. അതുകൊണ്ട് ഈ പരിപാടിക്ക് ശേഷം മഴ പെയ്യാതിരിക്കട്ടെ എന്ന് ദുആ ചെയ്യുക. തുടർന്നുള്ള ദിനങ്ങളിലും വളരെ സുഖത്തോടുകൂടി നമുക്ക് എല്ലാ പരിപാടികളും ശരിക്കും കാണാനും കേൾക്കാനും സാധിക്കുമാറാകട്ടെ. മഴ പെയ്താൽ പന്തലിൽ വല്ലാത്ത ശബ്ദമുണ്ടാകുക. അതുകാരണം സ്ഫുടമായി പറഞ്ഞാൽ പോലും ചിലർക്ക് മനസ്സിലായെന്ന് വരില്ല. അതേപോലെ നടക്കാൻ തന്നെ പ്രയാസമായിരിക്കും. കുട്ടികൾക്കും സ്ത്രീകൾക്കും പ്രയാസമുണ്ടാകും. അല്ലാഹു കാലാവസ്ഥയെ നമുക്കനുകൂലമാകട്ടെ എന്ന് ദുആ ചെയ്യുക. ആമീൻ.


**വിവർത്തനം**
എം. നാസർ അഹ്മദ്
മുബല്ലിഗ് – എറണാകുളം
**PHONE : 9497343704**

KHUTHBA:

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 24 - 07 - 2009 at**
**Hadeeqatul Mahdi**
**UK.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**